**കേരള സർക്കാർ**

ധനകാര്യ (പ്ലാനിംഗ്-എ) വകുപ്പ്

<u>**പരിപത്രം**</u>

നം.70/2017/ധന

തിരുവനന്തപുരം, തീയതി 16/09/2017

**വിഷയം :-** റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം (RPIS) – ജി.എസ്.ടി പ്രകാരമുള്ള പർച്ചേസ് ബില്ലുകൾ സമർപ്പിക്കണമെന്ന നിബന്ധന സംബന്ധിച്ച്.

**സൂചന :-** 1) 03-07-2015 തീയതിയിലെ സ.ഉ(പി)നം.269/2015/ധന നമ്പർ സർക്കാർ ഉത്തരവ്.
2) 14-07-2017 തീയതിയിലെ സ.ഉ(പി)നം.90/2017/ധന നമ്പർ സർക്കാർ ഉത്തരവ്.

സംസ്ഥാനത്തെ റബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' (RPIS) നടപ്പിലാക്കി വരുന്നു. സൂചന 2 ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം 01-07-2017 മുതൽ ആരംഭിച്ചിട്ടുണ്ട്.

2. 01-07-2017 തീയതി മുതൽ സംസ്ഥാനത്ത് ജി.എസ്.ടി സമ്പ്രദായം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ 01-07-2017 മുതൽ വിൽക്കപ്പെടുന്ന റബ്ബറിന്റെ ജി.എസ്.ടി പ്രകാരമുള്ള പർച്ചേസ് ബില്ലുകൾ മാത്രമേ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിൽ സബ്സിഡി ആനുകൂല്യത്തിനായി പരിഗണിക്കുകയുള്ളൂ. ഇക്കാര്യം റബ്ബർ ഉത്പാദക സംഘങ്ങളും റബ്ബർ ബോർഡും ഉറപ്പു വരുത്തേണ്ടതാണ്.

**മിൻഹാജ് ആലം**
**ധനകാര്യ റിസോഴ്സസ് സെക്രട്ടറി**

To:

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം.
ചെയർമാൻ, റബ്ബർ ബോർഡ്, കോട്ടയം
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ